(സി) റോഡ് സേഫ്റ്റി അതോറിറ്റിക്ക് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ; റോഡ് സേഫ്റ്റി അതോറിറ്റി ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത് ; വ്യക്തമാക്കാമോ ; റോഡപകടങ്ങൾ കുറയ്ക്കാൻ നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സാമ്പത്തികവർഷം നബാർഡിന്റെ ധനസഹായത്തോടെ നിർമ്മാണം നടത്തുന്നതിനായി ഒരു പദ്ധതിക്കും പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി നൽകിയിട്ടില്ല.

(ബി) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നുള്ള ധനസഹായത്തിനായി ഈ വർഷം പ്രൊപ്പോസലുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(സി) റോഡ് സേഫ്റ്റി അതോറിറ്റി പ്രവർത്തിക്കുന്നത് ഗതാഗതവകുപ്പിന്റെ കീഴിലാണ്. ലഭ്യമായ വിവരമനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ 86 കോടി രൂപ (എൺപത്തിയാറ് കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. റോഡ് സേഫ്റ്റി അതോറിറ്റി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം-1 ആയും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധം-2 ആയും ചേർത്തിരിക്കുന്നു.*

കരാറുകാരുടെ കുടിശ്ശിക

159 (2655) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഏതു കാലയളവ് മുതലുള്ള കുടിശ്ശികയാണ് കരാറുകാർക്ക് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കൊട്ടാരക്കരയിലെ മിനി സിവിൽസ്റ്റേഷൻ നിർമ്മാണം നിലച്ചിട്ട് എത്ര നാളായെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് എത്ര തുക കുടിശ്ശികയിനത്തിൽ സർക്കാരിൽ നിന്നും ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കൊട്ടാരക്കര മിനി സിവിൽസ്റ്റേഷൻ നിർമ്മാണം അടിയന്തരമായി പുനഃരാരംഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-3-2014 മുതലും ദേശീയപാതാ വിഭാഗത്തിൽ 17-9-2014 മുതലും കെട്ടിട വിഭാഗത്തിൽ 02/2014 മുതലുമുള്ള കടിശ്ശികയാണ് കരാറുകാർക്ക് നൽകാനുള്ളത്.

(ബി) 15-8-2014 മുതൽ കരാറുകാരൻ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്.

(സി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് 57,72,213 രൂപ കടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭ്യമാക്കാനുണ്ട്.

(ഡി) നിർമ്മാണം പുനരാരംഭിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ കരാറുകാരനുമായി ചർച്ച നടത്തുകയും തുടർ പ്രവൃത്തികൾ എത്രയും വേഗത്തിൽ പൂർത്തീകരിക്കാമെന്ന് കരാറുകാരൻ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണം

160 (2656) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് അനുമതി നൽകുമോ ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന് സംസ്ഥാന വിഹിതമായി എത്ര ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത് ;

(സി) ഇതിനായി എത്ര സെന്റ് ഭൂമി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ് സമർപ്പിച്ച വിശദമായ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) 2015-16 ബജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല.